**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2558** **06-10-2025 - ൽ മറുപടിയ്ക്ക്**

**പെട്രോളിനും ഡീസലിനും ഏർപ്പെടുത്തിയ സെസ്സിൽ നിന്നുള്ള വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെട്രോളിനും ഡീസലിനും സെസ്സ് ഏർപ്പെടുത്തിയ നടപടിയിലൂടെ സർക്കാറിന് പ്രതീക്ഷിച്ച വരുമാനം നേടാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (എ) | 2023-ലെ ഫിനാൻസ് ആക്ട് പ്രകാരം 2023 ഏപ്രിൽ 1 മുതലാണ് സംസ്ഥാനത്ത് പെട്രോളിനും ഡീസലിനും സാമൂഹ്യ സുരക്ഷ സെസ് ഏർപ്പെടുത്തിയത്. ഇന്ധന വിലയോടൊപ്പം ഈടാക്കുന്ന സാമൂഹ്യ സുരക്ഷാ സെസ്സ് ഇനത്തിൽ സർക്കാർ 750 കോടി രൂപ പ്രതിവർഷം പ്രതീക്ഷിക്കുന്നു എന്ന് ബജറ്റ് പ്രസംഗം 2023-24 ഖണ്ഡിക 563 പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>2023-ലെ ഫിനാൻസ് ആക്ട് പ്രകാരം പെട്രോളിനും ഡീസലിനും സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതുവഴി 2023-24 സാമ്പത്തിക വർഷത്തിൽ 954.32 കോടി രൂപയും (Provisional) 2024-25 സാമ്പത്തിക വർഷത്തിൽ 977.78 കോടി രൂപയും (Provisional) 2025-26 സാമ്പത്തിക വർഷത്തിൽ (2025 ആഗസ്റ്റ് 31 വരെ) 455.34 കോടി രൂപയും (Provisional) ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ